"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി GAINPF 2.0 ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (GAINPF) വകുപ്പ്

സ.ഉ.(കൈ) നം.14/2026/FIN തീയതി, തിരുവനന്തപുരം. 11-02-2026

പരാമർശം : 1. സ.ഉ. (പി) നം.39/2016/ധന തീയതി 16.03.2016.
2. സ.ഉ. (കൈ) നം.134/2025/ധന തീയതി 28-10-2025
2. 14.01.2026 തീയതിയിലെ യോഗത്തിന്റെ മിനുട്സ്.

ഉത്തരവ്

കേരളത്തിലെ എല്ലാ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളിലും ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അനുബന്ധ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചെടുത്ത GAINPF (സർക്കാർ എയ്ഡഡ് സ്ഥാപന പ്രോവിഡന്റ് ഫണ്ട് സിസ്റ്റം), പരാമർശം(1) ലെ സർക്കാർ ഉത്തരവ് പ്രകാരം 2016 മുതൽ വിജയകരമായി നടപ്പിലാക്കി വരുന്നു. നിലവിലുള്ള സംവിധാനത്തിന്റെ വിജയത്തെ തുടർന്ന് സർക്കാർ-എയ്ഡഡ് മേഖലാ സ്ഥാപനങ്ങൾക്ക് പുറമെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, ബോർഡുകൾ, സർവകലാശാലകൾ, തുടങ്ങിയവയ്ക്കും ഉപയോഗിക്കാവുന്ന തരത്തിൽ GAINPF 2.0 സജ്ജമാക്കിയിട്ടുണ്ട്. ഇതേതുടർന്ന് 2025 നവംബർ മാസം മുതൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി യിൽ GAINPF 2.0 സംവിധാനം നടപ്പിലാക്കിവരുന്നു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി ഏകീകൃതവും സാങ്കേതികമായി കാര്യക്ഷമവുമായ ഒരു സോഫ്റ്റ്വെയർ സംവിധാനം

ഇല്ലാത്തതിനാൽ GAINPF 2.0 ഉപയോഗിക്കുന്നതിനു സർക്കാർ അനുമതി അഭ്യർത്ഥിച്ചിരുന്നു. GSPARK സൗകര്യം നിലവിലുള്ളതിനാൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ഡാറ്റ GAINPF 2.0 മായി സംയോജിപ്പിക്കാനുള്ള നടപടികൾ സ്പാർക്ക് പി എം യൂ ഉറപ്പാക്കുകയും ചെയ്തിരുന്നു.

2] മേൽ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് കൈകാര്യം ചെയ്യാനായി, GSPARK മായി സംയോജിപ്പിച്ച് GAINPF 2.0 ആപ്ലിക്കേഷൻ 2026 ഏപ്രിൽ മാസം മുതൽ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3] ഇതു സംബന്ധിച്ച തുടർ നടപടികൾ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3. ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി എം യൂ.
4. സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ, NIC, തിരുവനന്തപുരം.
5. ചെയർമാൻ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
6. ധനകാര്യ (പി എഫ്) വകുപ്പ്.
7. തൊഴിൽവകുപ്പ്, സെക്രട്ടേറിയറ്റ്.
8. നോഡൽ ഓഫീസർ, ധനകാര്യം (ctfmweb@gmail.com).
9. ഓഫീസ് കോപ്പി (E 3048325/PF-2/4/2025-FIN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ